**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2184 — 18.07.16 -ലെ മറുപടിയ്ക്ക്

# കേരളത്തിലെ യൂണിവേഴ്സിറ്റികൾ

*ചോദ്യം*
ശ്രീ.പി.സി. ജോർജ്

*ഉത്തരം*
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നിലവിൽ എത്ര യൂണിവേഴ്സിറ്റികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ 9 യൂണിവേഴ്സിറ്റികളുണ്ട്. |
| (ബി) | ടി യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ എത്ര യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള യൂണിവേഴ്സിറ്റിയിൽ നിലവിൽ 191 അസിസ്റ്റന്റുമാരും, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിലവിൽ 111 അസിസ്റ്റന്റുമാരും , കുസാറ്റിൽ 181 അസിസ്റ്റന്റുമാരും, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ 63 പേരും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലായി 594 പേരും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 719 അസിസ്റ്റന്റുമാരും നിലവിൽ ജോലി ചെയ്തുവരുന്നു.<br>മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു. |
| (സി) | നിലവിൽ ഇപ്പോൾ ടി യൂണിവേഴ്സിറ്റികളിൽ ഓരോന്നിലും എത്ര യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | കേരള യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 592 ഒഴിവുകളും, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 75 അസിസ്റ്റന്റിന്റെ ഒഴിവുകളും കുസാറ്റിൽ 30 ഒഴിവുകളും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ 118 അസിസ്റ്റന്റുമാരുടെയും ഒഴിവുകളും, , കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത 20 ഒഴിവുകളും ഇപ്പോൾ നിലവിലുണ്ട്. ശ്രീ. ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ ഒഴിവ് നിലവിലില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ച |
| (ഡി) | പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയുടെ നിലവിലെ സ്ഥിതി അറിയാമോ; | | |

| | | | |
|---|---|---|---|
| | | | വരുന്നു. |
| (ഇ) | റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ പ്രസ്തുത തസ്തികയിൽ നിയമനത്തിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നും ഉണ്ടെങ്കിൽ അതെന്താണെന്നും വിശദമാക്കാമോ? | (ഇ) | പി.എസ്. സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നിലവിൽ തടസ്സമില്ല. |

Saradadevi

**സെക്ഷൻ ഓഫീസർ**